## (69.) പെരുനാട്- മാമ്പാറ സെന്റ് മേരീസ് കുരിശുമല മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

സെന്റ് മേരീസ് കുരിശുമല തീർത്ഥാടന മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിന്റെ ചരിത്രത്തിന് മലങ്കര കത്തോലിക്കാസഭയുടെ ചരിത്രത്തിനേക്കാൾ പഴക്കമുണ്ട്. 1653 ജനുവരി 3- ന് നടന്ന കൂനൻകുരിശ് സത്യത്തോട് പുത്തൻകൂറ്റുകാരും പഴയ കൂറ്റുകാരുമായി പളർന്ന സഭയെ ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയിലൂടെ വീണ്ടും പുനരൈക്യത്തിലേക്ക് കൊണ്ടുവരാൻ ദൈവം തീരുമാനിച്ചപ്പോൾ മുതൽ ആരംഭിച്ചതാണ് ഈ ദൈവാലയത്തിന്റെ ചരിത്രം.

പെരുനാട്ടിലെ ആദ്യ കത്തോലിക്കനായിരുന്നു കുറ്റിക്കയം ഫ്രാൻസിസ് സാർ. അദ്ദേഹത്തിന്റെ വീട്ടിൽവച്ചായിരുന്നു ദിവ്യബലി അർപ്പിച്ചിരുന്നത്. അക്കാലത്ത് ജോലിക്കായി ധാരാളം ആളുകൾ ഇവിടെ വന്നു. അപ്പോൾ ചങ്ങനാശ്ശേരി പാറേപ്പള്ളി മാതാവിന്റെ നാമത്തിൽ ഇവിടെ ഒരു ദൈവാലയം വേണമെന്ന് അവർ ആഗ്രഹിച്ചു. അതനുസരിച്ച് മേലേടത്ത് ചാക്കോയുടെ മൂന്നര ഏക്കർ സ്ഥലം കുറ്റിക്കയം കുടുംബം വാങ്ങുകയും പള്ളിപണി ആരംഭിക്കുകയും ചെയ്തു. തിടുക്കത്തിൽ പള്ളിപണിയാൻ കാരണം വിശുദ്ധ കുർബാന കൂടണമെങ്കിൽ പത്തനംതിട്ട പുത്തൻപീടികയിലെ ലത്തീൻ പള്ളിയിൽ പോകണം. അക്കാലത്ത് ഇവിടെ ഉണ്ടായിരുന്ന ജെറ്റിമുതുക്കൻ മരിച്ചു. മരണാനന്തര ശുശ്രൂഷകൾക്ക് വളരെ ബുദ്ധിമുട്ടി. വാഹന സൗകര്യം ഇല്ലാത്തതിനാൽ നടന്ന് പത്തനംതിട്ടയിൽ കൊണ്ടുപോകേണ്ടിവന്നു. വളരെ പെട്ടന്ന് പള്ളിപണി പൂർത്തിയാക്കി. പത്തനംതിട്ടയിൽ നിന്നും വികാരി ഡേവിഡ് അച്ചൻ എത്തി, ലത്തീൻ ആളുകൾ കുറവായിരുന്നതിനാൽ അച്ചൻ വലിയ താത്പര്യം കാണിച്ചില്ല. 1930- ൽ മാർ ഈവാനിയോസ് തിരുമേനി പുനരൈക്യപ്പെട്ടപ്പോൾ പള്ളിയും പള്ളി ഉൾപ്പെടുന്ന സ്ഥലവും കുറ്റിക്കയം കുടുംബം പിതാവിന് കൈമാറി. ഇക്കാലത്ത് മലങ്കര വൈദികർ ഇല്ലാതിരുന്നതിനാൽ അയിരൂർ കൊവെന്ത അച്ചന്മാർ നടന്നുവന്ന് വിശുദ്ധ കുർബാന അർപ്പിച്ചു.

### ഇടവക സന്ദർശനം

കൊല്ലം രൂപതാധ്യക്ഷൻ ആയിരുന്ന അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനി ലത്തീൻ കുട്ടികൾക്ക് മൂറോൻ നല്കുന്നതിനായി ഈ ദൈവാലയം സന്ദർശിച്ചിട്ടുണ്ട്.

1953- ൽ വത്തിക്കാൻ പ്രതിനിധി കർദിനാൾ റ്റിസറന്റ് ഇവിടെ സന്ദർശിക്കുകയും പള്ളിയുടെ തറക്കല്ലീടീൽ കർമ്മം നടത്തുകയും ചെയ്തു. കർദിനാളിന്റെ സന്ദർശനത്തിന് നേവിയുടെ ബാന്റ് സെറ്റാണ് വാദ്യം മുഴക്കിയത്, കൂടാതെ ആചാരവെടിയും നടത്തി. കേരളത്തിലെ രണ്ടാമത്തെ സ്വീകരണമായിരുന്നു ഇത്. കേരളത്തിലെ എല്ലാ മെത്രാന്മാരും പെരുനാട്ടിൽ എത്തിയിരുന്നു. 4 കിലോമീറ്റർ പൂപന്തൽ പ്രത്യേകം ഒരുക്കിയിരുന്നു.

മാർ ഈവാനിയോസ് പിതാവ് കൂടെകൂടെ ഇവിടെ സന്ദർശിക്കുകയും മുണ്ടൻമല നോക്കിക്കാണുകയും ചെയ്തിരുന്നു. പള്ളിയുടെ സമീപമുള്ള കുരിശടി കൂദാശ ചെയ്തത് മാർ ഈവാനിയോസ് തിരുമേനിയാണ്. 1953- ൽ കർദിനാൾ റ്റിസറന്റ് തിരുമേനിയുടെ സന്ദർശനത്തിനുശേഷം ഈ പള്ളിക്ക് റോമിൽ നിന്ന് ഒരു പ്രത്യേകപദവി നല്കി.

### ഇടവക മദ്ധ്യസ്ഥൻ

ഇടവകയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥ പരിശുദ്ധ ദൈവമാതാവാണ്. ഇടവക തിരുനാൾ ഡിസംബർ 8. ഈ പള്ളിയിലെ തിരുനാൾ പരിശുദ്ധ കന്യകാമറിയാമിന്റെയും വിശുദ്ധ സെബസ്ത്യാനോസ് പുണ്യവാളന്റെയും നാമത്തിൽ നടത്തപ്പെടുന്നു. ഇവിടെ കഴുന്നെടുപ്പ് (അമ്പ് നേർച്ച) പ്രസിദ്ധമാണ്. ഇപ്പോൾ തിരുനാൾ സൗകര്യാർത്ഥം ജനുവരി അവസാന ആഴ്ച നടത്തപ്പെടുന്നു.

**കുറ്റിക്കയം ഫ്രാൻസിസ് സാറും മാമ്പാറ ഇടവകയും**

ഇവിടെ ഒരു ദേവാലയം ഉണ്ടാകുവാൻ ദൈവം പ്രത്യേകം നിയോഗിച്ച വ്യക്തി കുറ്റിക്കയം ഫ്രാൻസിസ് സാറായിരുന്നു. 1919-ൽ മാർ ഈവാനിയോസ് പിതാവ് വൈദികനായിരുന്നു (പി.റ്റി.ഗീവർഗീസ് അച്ചൻ), അക്കാലങ്ങളിൽ കുറ്റിക്കയം കുടുംബവുമായി നല്ല സഹകരണം ആയിരുന്നു. ബഥനി ആശ്രമ സ്ഥാപനത്തിന് ആവശ്യമായ സഹായങ്ങൾ ഫ്രാൻസിസ് സാർ ചെയ്തുകൊടുത്തിരുന്നു. 1925-ൽ മാർ ഈവാനിയോസ് തിരുമേനിക്ക് പെരുന്നാട്ടിൽ വച്ച് പൗരസ്വീകരണം കൊടുത്തു. യോഗത്തിന്റെ അവസാനം എല്ലാവരും തിരുമേനിയുടെ കൈമുത്തി. ഫ്രാൻസിസ് സാർ കൈമുത്തുന്നതിനുപകരം ഷെക്ക്ഹാന്റ് നല്കി. ഇതിൽ തിരുമേനിക്ക് സങ്കടമുണ്ടായി. പിന്നീട് കാര്യം തിരക്കിയപ്പോൾ അദ്ദേഹം പറഞ്ഞു നമ്മുടെ രണ്ടുപേരുടേയും കൈകൾ തമ്മിൽ ഇപ്പോൾ യാതൊരു വ്യത്യാസവുമില്ല. എപ്പോൾ കത്തോലിക്കാ സഭയിലെ ഒരു മെത്രാനാകുന്നുവോ അന്ന് ഞാനീ കൈമുത്തും മാത്രമല്ല ആറ് അച്ചന്മാർക്കും തിരുമേനിക്കും താമസിച്ച് പ്രാർത്ഥിക്കുന്നതിനുള്ള സൗകര്യം ഒരുക്കിതരുകയും ചെയ്യും. ഇത് തിരുമേനിയെ കൂടുതൽ അസ്വസ്തനാക്കി, തുടർന്ന് അദ്ദേഹം കത്തോലിക്കാ സഭയെപ്പറ്റി ചിന്തിക്കുവാൻ തുടങ്ങി.

**പെരുനാട് ഇടവകയിൽ സേവനം ചെയ്ത വൈദികർ**

1. ഫാ. മാത്യു തേക്കുംകാട്ടിൽ
2. ഫാ. ജേക്കബ് മുണ്ടപ്പള്ളിൽ കൈനകരി
3. ഫാ. സാമുവേൽ തൈക്കൂട്ടത്തിൽ
4. ഫാ. ജോസഫ് വാഴപ്പിള്ളേത്ത്
5. ഫാ. സാമുവേൽ തെങ്ങുവിള
6. ഫാ. ഗീവർഗീസ് പെരുമല (അസി.)
7. ഫാ. വർഗീസ് മാവേലിൽ (അസി.)
8. ഫാ. ഒ.കെ.വർഗീസ്
9. ഫാ. ഗീവർഗീസ് മണ്ണിക്കരോട്ട് (അസി.)
10. ഫാ. ജോർജ്ജ് പുറത്തൂട്ട് - 1968-1974
11. ഫാ. ജോസി (അസി.)
12. ഫാ. ഗീവർഗീസ് മാടപ്പള്ളിൽ (അസി.)
13. ഫാ. ജോഷ്വാ തെക്കേച്ചരുവിൽ - 1974-1978/79
14. ഫാ. ജോഷ്വാ പീടികയിൽ - 1978-1982
15. ഫാ. മാത്യു കരൂർ (അസി.)
16. ഫാ. ചെറിയാൻ മായിക്കൽ - 1982-1992
17. ഫാ. മൈക്കിൾ മൂക്കമ്പലത്തട്ട് (അസി.) -
18. ഫാ. ടോമി തടത്തിൽ (അസി.) -

19. ഫാ. ഇമ്മാനുവേൽ ബംഗ്ലാവിൽ -

20. ഫാ. തോമസ് പുതുപ്പറമ്പിൽ - 1992-1996

21. ഫാ. ജോൺ സി. പുത്തൻവീട് - 1996-2000

22. ഫാ. ജോർജ്ജ് പനംതുണ്ടിൽ (അസി.) -

23. ഫാ. തോമസ് പെരുപ്പായിക്കാട്ട് (അസി.) -

24. ഫാ. ഏബ്രഹാം മണ്ണിൽ - 2000-2005

25. ഫാ. ജോൺസൺ പുതുപ്പറമ്പിൽ (അസി.) -

26. ഫാ. റോബർട്ട് പാലവിളയിൽ (അസി.) -

27. ഫാ. വർഗീസ് കുത്തിനേത്ത് - 2005-2008

28. ഫാ. അരുൺ ഏറത്ത് (അസി.) -

29. കുരിശുമല മാത്യൂസ് റമ്പാൻ - 2008-2010

30. ഫാ. വർഗീസ് വിളയിൽ (അസി.) -

31. ഫാ. തോമസ് ഈട്ടിക്കാലായിൽ - 2010-2013

32. ഫാ. മാത്യു നെരിയാട്ടിൽ (അസി.) -

33. ഫാ. ജോഷ്വാ മാവേലിൽ (അസി.) -

34. ഫാ. ജോസി ചിറയത്ത് - 2013-2017

35. ഫാ. പ്രിൻസ് കോയിക്കൽ (അസി.) -

36. ഫാ. ഗീവർഗീസ് പുതുപ്പറമ്പിൽ (അസി.) -

37. ഫാ. സാന്റോ കാലായിൽ (അസി.) -

38. ഫാ. ഗീവർഗീസ് പാലമൂട്ടിൽതെക്കേതിൽ - 2017-2019

39. ഫാ. വർഗീസ് ചാമക്കാലായിൽ (അസി.) -

40. ഫാ. ബെന്നി നാരകത്തിനാൽ - 2019

ഇടവകയിൽ രജിസ്റ്റർ പ്രകാരം 118 കുടുംബങ്ങൾ ഉണ്ടെങ്കിലും ഇപ്പോൾ 108 കുടുംബങ്ങൾ ആണ് ഉള്ളത്.

എയ്ഡഡ് മേഖലയിലുള്ള ഒരു യൂ.പീ.സ്കൂൾ, സെന്റ് തോമസ് യൂ.പീ.എസ്. കക്കാട്.

**ഇടവകയിൽ നിന്നുള്ള ദൈവവിളികൾ**

1. ഫാ. മാത്യു കാലായിൽ

2. ഫാ. ഏബ്രഹാം മണ്ണിൽ

3. ഫാ. മാത്യു പാറയ്ക്കൽ ഒ.ഐ.സി.

4. ഫാ. ഐസക് പാറയ്ക്കൽ ഒ.ഐ.സി

5. ഫാ. സിബി ഒറ്റക്കല്ലിൽ

6. ഫാ. ജോൺ വിൽസൺ (ചാൾസ്) മേലേടത്ത്

7. ഫാ. അഭിലാഷ് (പോൾ) വെളുത്താലക്കുഴിയിൽ

**സന്യാസിനികൾ**

1. സി. ജോസഫിൻ എസ്.ഐ.സി.

2. സി. അഞ്ജലി എസ്.ഐ.സി.

3. സി. ആൽഫി എസ്.ഐ.സി.

**പുതിയ ദേവാലയം**

ഇപ്പോഴത്തെ ദൈവാലയം പുതുക്കിപണിത് കൂദാശ ചെയ്തത് 1975 ഡിസംബർ 26-നാണ്. അക്കാലത്ത് ഏറ്റവും വലിയ ദൈവാലയങ്ങളിൽ ഒന്നായിരുന്നു ഇത്.

**ബഥനി മഠം – നൊവിഷ്യേറ്റ് ഹൗസ്**

ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹത്തിന്റെ മഠത്തിന് മാമ്പാറപള്ളിയുടെ വളർചയിൽ പ്രധാന പങ്കുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊന്നും ഇല്ലാത്ത കാലത്ത് വളരെ ത്യാഗം സഹിച്ച് സിസ്റ്റേഴ്സ് ഇവിടെ സേവനം ചെയ്യുന്നു. ഇപ്പോൾ ഈ മഠം നൊവിഷ്യേറ്റ് ഹൗസായും പ്രവർത്തിക്കുന്നു.

**ഡി.എം. സിറ്റേഴ്സ്**

കുരിശുമല തീർത്ഥാടന കേന്ദ്രത്തിന്റെ ഭാഗമാകാൻ ഡോട്ടേഴ്സ് ഓഫ് മേരി സമൂഹത്തിന്റെ പ്രത്യേക തീരുമാനപ്രകാരം 2020 നവംബർ 11-ന്, 60 സെന്റ് സ്ഥലം കപ്പേളയോടു ചേർന്ന് വാങ്ങുകയുണ്ടായി. പ്രാർത്ഥനാ ഹൗസ് എന്ന സങ്കല്പം യാഥാർത്ഥ്യമാക്കാൻ ദൈവം സഹായിക്കട്ടെ എന്ന് ഇടവകമക്കൾ പ്രാർത്ഥിക്കുന്നു.

**റാന്നി-പെരുനാട് കുരിശുമല**

ബഥനിയുടെ സന്ദേശം കൂടുതൽ തീഷ്ണതയോടെ പരിരക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. അക്കാര്യത്തിൽ അലംഭാവം ഉണ്ടാക്കരുത്. ഐക്യത്തിന്റെയും സ്നേഹത്തിന്റെയും വഴിവിളക്കുമായി ഒരു കേന്ദ്രം ബഥനിയുടെ ഈറ്റില്ലമായ പെരുനാട്ടിൽ രൂപം പ്രാപിക്കണം. മുണ്ടന്മല നിർജീവമായി ഉറങ്ങുമ്പോൾ അതിനരികിൽ കുരിശുമല ഉണരേണ്ടതുണ്ട്. ചരിത്രപരമായ ഈ ആശയസാക്ഷാത്കാരത്തിന്റെ ഫലമായി 1988-ൽ മാമ്പാറ കുരിശുമല സ്ഥാപിതമായി. യേശുവിന്റെ കുരിശിന്റെ വഴി അനുസ്മരിപ്പിക്കുന്ന 14 സ്ഥലങ്ങൾ ഇവിടെയുണ്ട്. കുരിശുമലയുടെ താഴ്വരയിൽ പാതയോരത്ത് ക്രൈസ്തവ ഐക്യ കപ്പേള അദ്ധ്യാത്മിക ചൈതന്യത്തിന്റെ പൂർണ്ണതയിൽ നിർമ്മിച്ചിരിക്കുന്നു. 1988 താത്കാലികമായും 1989 സ്ഥിരമായും സ്ഥപിച്ച കപ്പേള നിർമ്മിച്ചത് ചെറിയാൻ മായിക്കൽ അച്ചന്റെ കാലത്ത്, ആർച്ചുബിഷപ്പ് ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവ് കൂദാശചെയ്തു.